# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:T 7901** **16.07.2014 ൽ മറുപടിക്ക്**

**റെയിൽവേ ബഡ്ജറ്റുകളിലേക്കുള്ള പ്രൊപ്പോസലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | 2012-13, 2013-14 വർഷങ്ങളിലെ റെയിൽവേ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിക്കാൻ കേരളം കേന്ദ്രസർക്കാർ മുമ്പാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദീകരിക്കുമോ; | (എ) | 2012-13 ലേയും 2013-14 ലേയും റെയിൽവേ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിക്കാനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു നൽകിയ നിവേദനങ്ങളുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം 1 ലും 2 ലും വച്ചിരിക്കുന്നു. |
| (ബി) | അവയിൽ ഏതെല്ലാം നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | 2012-13, 2013-14 എന്നീ വർഷങ്ങളിൽ കേരളത്തിനായി ടി വർഷങ്ങളിലെ റെയിൽവേ ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച കാര്യങ്ങളുടേയും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും അനുബന്ധം 3 ആയി വച്ചിരിക്കുന്നു. |
| (സി) | 2014-15-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനുള്ള കേരളത്തിന്റെ പ്രൊപ്പോസൽ എന്നാണ് കേന്ദ്രത്തിന് സമർപ്പിച്ചത്; പ്രസ്തുത പ്രൊപ്പോസലിലെ നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | 2014-15 ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനുള്ള കേരളത്തിന്റെ പ്രൊപ്പോസൽ നവംബർ 2013 ലും 30.05.2014 ലും 23.06.2014 ലും ആണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്. പ്രധാനമായും പെനിൻസുലാർ റയിൽവേ സോൺ, പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി - ശബരി റയിൽവേ ലൈൻ ഉൾപ്പെടെ പുതിയ റെയിൽവേ ലൈനുകളുടെ നിർമ്മാണം, മറ്റ് |

| | | | |
|---|---|---|---|
| | | | പുതിയ ലൈനുകളുടെ സർവ്വേ/ നിർമ്മാണം, നേമത്തും, കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക്ക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം കോഴിക്കോട് റയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, സബർബൻ റെയിൽ പദ്ധതി എന്നിവയാണ് ടി നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്